വികലാംഗർക്കുള്ള ഹൗസ് ബിൽഡിംഗ് അഡ്വാൻസ്

109. [159] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) വികലാംഗരായ ഉദ്യോഗസ്ഥൻമാർക്ക് ഹൗസ് ബിൽഡിംഗ് അഡ്വാൻസ് അനുവദിക്കുമ്പോൾ പ്രത്യേക പരിഗണന നൽകാറുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ ;

(സി) സെക്രട്ടേറിയറ്റിൽ ഇതുവരെ എത്ര വികലാംഗരായ ഉദ്യോഗസ്ഥൻമാരുടെ ഹൗസ് ബിൽഡിംഗ് അഡ്വാൻസിനുള്ള അപേക്ഷകൾ പരിഗണിക്കാതെ ഉണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രത്യേക പരിഗണന നൽകാറുണ്ട്. ഈ സാമ്പത്തിക വർഷം 1982 മാർച്ച് 31 വരെ മാത്രം അപേക്ഷിച്ച വികലാംഗരല്ലാത്ത ഉദ്യോഗസ്ഥൻമാർക്ക് വായ്പ അനുവദിച്ചപ്പോൾ 1983 മാർച്ച് 31 വരെ അപേക്ഷിച്ച വികലാംഗരായ ഉദ്യോഗസ്ഥൻമാർക്ക് വായ്പ നൽകിയിട്ടുണ്ട്.

(ബി) ഉത്തരം (എ) യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) അഞ്ചു പേരുടെ അപേക്ഷകൾ പരിഗണിക്കാതെ ബാക്കിയുണ്ട്.

ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ട്

110. [160] ശ്രീ. എ. കെ. പത്മനാഭൻ :

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് യൂണിവേഴ്സിറ്റികളുടെ അഭിപ്രായം ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം യൂണിവേഴ്സിറ്റികൾ അഭിപ്രായം അറിയിച്ചു ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ ആദിശേഷിയ്യാ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ;

(ഡി) ഈ റിപ്പോർട്ട് നടപ്പിലാക്കരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുജനപ്രസ്ഥാനങ്ങളിൽ നിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ഇ) ഈ റിപ്പോർട്ടിനെതിരെ ഉയർന്നു വന്നിട്ടുള്ള പ്രതിഷേധത്തിന്റെ അടിസ്ഥാനത്തിൽ ഈ റിപ്പോർട്ട് തള്ളിക്കളയാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ഉത്തരം

(എ, ബി) കേരള യൂണിവേഴ്സിറ്റിയുടെ അഭിപ്രായം ലഭിച്ചിട്ടുണ്ട് .

(സി) ഇല്ല.

(ഡ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly